(Pages : 4) **D – 3206**

Reg. No. : ..........................

Name : ..................................

**Third Semester B.A. (Malayalam and Mass Communication) Degree Examination, December 2017**
**(Career Related First Degree Programme Under CBCSS)**
**Group 2(a)**
**Comp. Course – III**
**MX 1331 : VIVARTHANATHARATHAMYAPADANAM**
**(2014 Admn. Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരമെഴുതുക.

1) ലോക ഭാഷകളിൽ ഏറ്റവുമധികം വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥം ഏത് ?

2) ഇബ്സന്റെ ഗോസ്റ്റ് എന്ന നാടകത്തിന് സി. ജെ. തോമസ് ചെയ്ത വിവർത്തനത്തിന്റെ പേരെന്ത് ?

3) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ വിവർത്തനം ചെയ്ത നോവൽ ഏത് ?

4) ലിപ്യന്തരണം (Transliteration) എന്നാലെന്ത് ?

5) എഡ്വിൻ ആർനോൾഡിന്റെ 'ലൈറ്റ് ഓഫ് ഏഷ്യ' യ്ക്ക് ആശാൻ നൽകിയ പരിഭാഷയുടെ പേരെന്ത് ?

6) 'ദേവഗീത' എന്ന പേരിൽ ചങ്ങമ്പുഴ ഏതു കൃതിയാണ് വിവർത്തനം ചെയ്തത് ?

7) എച്ച്. ജി. വെൽസിന്റെ 'A Short History of the World' ന് മലയാളത്തിലുണ്ടായ വിവർത്തനമേത് ?

8) മഹാഭാരതത്തിന് ആദ്യമായി വൃത്താനുവൃത്ത തർജ്ജമ നടത്തിയത് ആരാണ് ?

9) കേരളത്തിലെ ഇബ്സൻ എന്നറിയപ്പെടുന്നത് ആര് ?

10) വാല്മീകിരാമായണം മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ആരാണ് ?

**(10×1=10 മാർക്ക്)**

P.T.O.

II. **ഒരു** ഖണ്ഡികയിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11) താഴെപ്പറയുന്ന പഴഞ്ചൊല്ലുകൾ ഇംഗ്ലീഷിലേക്ക് പരിഭാഷ ചെയ്യുക.

1) ആവശ്യം സൃഷ്ടിയുടെ മാതാവാണ് ?

2) മെല്ലെത്തിന്നാൽ മുള്ളും തിന്നാം.

12) താഴെ കൊടുത്തിരിക്കുന്ന സാങ്കേതിക പദങ്ങൾക്ക് സമാനമായ ഭാഷാപദങ്ങൾ കണ്ടെത്തുക.

1) Assessee

2) Acknowledgement.

13) ശൈലികൾ ഇംഗ്ലീഷില്ലേ് വിവർത്തനം ചെയ്യുക.

1) പൂച്ചയ്ക്കാരു മണികെട്ടും.

2) വായിൽ വെള്ളിക്കരണ്ടിയുമായി ജനിക്കുക.

14) താഴെ കൊടുത്തിരിക്കുന്ന പത്രവാർത്ത മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

Trissur : Activist Medha Patkar on Monday extended support to the on -going campaign to conserve the centuries-old Jewish Synagogue and cemetery at Mala, in Trissur. Talking after visiting the monuments, Medha pointed out that the local bodies should not destroy those monuments in the name of developments.

15) പരസ്യവാചകം പരിഭാഷ ചെയ്യുക.

1) Don't throw waste here.

2) Stick no bills.

16) അനുഗത വിവർത്തനം എന്നാലെന്ത് ?

17) താഴെപ്പറയുന്ന ചൊല്ലുകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക.

1) Barking dog Seldom bites.

2) No Smoke without fire.

18) ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുക.

''ആട്ടെ വള്ളോം വലേം മേടിക്കുമ്പം വള്ളത്തേലൊണ്ടാകുന്ന മീന് ഞങ്ങക്കു കച്ചോടം ചെയ്യാൻ വല്യമരക്കാത്തി അച്ചനോട് പറയുമോ'' കറുത്തമ്മ പറഞ്ഞു ''നല്ല വെല തന്നാല് മീന്തരാം''

19) മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തുക.

1) No further action is called for

2) A brief resume of the case is placed below.

20) 'വിവർത്തനം' എന്നതുകൊണ്ട് വിവക്ഷിക്കുന്നതെന്ത് ?

21) പ്രത്യക്ഷ വിവർത്തനം, പരോക്ഷ വിവർത്തനം ഇവ എന്തെന്ന് വിശദമാക്കുക.

22) ഒരു നല്ല വിവർത്തകന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം ?

(2×8=16 മാർക്ക്)

III. **ഓരോന്നിനും നൂറ്റിയിരുപത്** വാക്കിൽ കവിയാതെ **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23) ആംഗല ഭാഷയിലേക്ക് വിവർത്തനം ചെയ്യുക.

കൌസല്യ : - ഊർമ്മിളേ പതിന്നാലു വർഷത്തെ ഭർത്തൃവിരഹം നിന്നെ സ്ത്രീയല്ലാതാക്കിത്തീർത്തുവെന്ന് ഞാൻ ശങ്കിക്കുന്നു. നീ വൈദുഷ്യം സമ്പാദിച്ചു. വൈദുഷ്യത്തിന്റെ സഹചാരിയായ വിരക്തി നിന്നെ ആവേശിക്കുകയും ചെയ്തു. ബഹുകാര്യ വ്യഗ്രനാണ് പുരുഷൻ. സ്ത്രീയുടെ സാന്നിദ്ധ്യം പുരുഷനെ ഓർമ്മിപ്പിക്കേണ്ടത് സ്ത്രീതന്നെയാണെന്ന് നീ മറക്കരുത്. സ്ത്രീ പ്രകൃതിയാണ്.

24) മലയാളത്തിലേക്ക് പരിഭാഷ ചെയ്യുക.

Once upon a time a little girl of four years had wondered along this sea side. The little girl who collected shells from the beach and ran to gather the silvery minnows that flew off the nets the men flung out of their boats. In those days she had a little boy companion Pareekutty.

25) ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.

ഏറ്റവും നിസ്സാര സൃഷ്ടിയെക്കൂടി തന്നെപ്പോലെ തന്നെ സ്നേഹിക്കാൻ കഴിയുന്ന ആളിനേ സാർവ ലൗകികവും സർവ്വവ്യാപിയുമായ സത്യാത്മാവിനെ മുഖാമുഖം ദർശിക്കാനാവൂ. അത് അഭിലഷിക്കുന്ന ഒരാൾക്ക് ജീവിതത്തിന്റെ യാതൊരു മണ്ഡലത്തിൽ നിന്നും വിട്ടുനിൽക്കാനാവില്ല. അതുകൊണ്ടാണ് എന്റെ സത്യോപാസന എന്നെ രാഷ്ട്രീയ മണ്ഡലത്തിലേക്ക് ആകർഷിച്ചത്.

26) കവിതാശകലത്തിന്റെ ആസ്വാദ്യത ചോർന്നു പോകാതെ വിവർത്തനം ചെയ്യുക.

'John was here- In the Middle  
of a Bohemian Song, I don't know when  
he faltered, stopped and walked off'  
'Who are his keepers ?  
we people'  
Dazed, I quaff a mouthful  
of arrack neat. Down my throat  
courses the mercury, burning and fuming.

27) സ്വതന്ത്ര വിവർത്തനം ചെയ്യുക.

"കണ്ണേ, മടങ്ങുക കരിഞ്ഞു മലിഞ്ഞുമാശു  
മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ  
എണ്ണീടുമാർക്കുമിതുതാൻ ഗതി സാധ്യമെന്തു  
കണ്ണീരിനാലവനിവാഴ്വു കിനാവു കഷ്ടം"

28) ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.

പിറ്റെ ദിവസം തന്നെ പത്തു വയസ്സിലേറെ പ്രായമാകാത്ത ആ തീയാടി പെൺ കുട്ടിയുടെ ശിഷ്യത്വം ഞാൻ കൈക്കൊള്ളുകയും ചെയ്തു. ഒരു സ്ലേറ്റിൽ അവൾ എനിക്ക് അമ്പത്തൊന്നക്ഷരം എഴുതിതന്നു. നിശീഥിനിയുടെ നിശ്ശബ്ദതയിൽ ലോകം കൂർക്കം വലിച്ചുറങ്ങുമ്പോൾ ഞാൻ ആ അക്ഷരങ്ങൾ വായിലിട്ടു ചവച്ചു. വിറയാർന്ന കൈവിരൽ കൊണ്ട് വീണ്ടും വീണ്ടും കുത്തിക്കുറിച്ചു.

29) മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക.

Every part of the earth is scared to my people. Every shing pine beedle, every sandy shore, every mist in the dark woods, every clearing and humming insect is holy in the memory and experience of my people. The sap which course through the trees carries the memories of the red man.

30) ആംഗലഭാഷയിലേക്ക് പരിഭാഷ ചെയ്യുക.

തിരകൾക്കും ഒഴുക്കിനും എതിരായി മല്ലടിച്ച് ഒരു തടികഷണത്തിൽ ചക്രവാള ത്തിനപ്പുറത്തേക്കു പോയ ആദ്യത്തെ മുക്കുവന്റെ ഭാര്യ വ്രതനിഷ്ഠയോടെ കടപ്പുറത്തു പടിഞ്ഞാറേക്കു നോക്കി തപസ്സുചെയ്യുമായിരുന്നു. കടലിൽ കോളിളകി, തിമിംഗലങ്ങൾ വായ്പൊളിച്ചു കൊണ്ടടുത്തു, സ്രാവുകൾ വാലു കൊണ്ട് വള്ളത്തിലടിച്ചു. ഒഴുക്ക് വള്ളത്തെ ഒരു വലിയ ചുഴിയിലേക്ക് വലിച്ചു കൊണ്ടു പോയി. എല്ലാ അപകടങ്ങളിൽ നിന്നും അയാൾ രക്ഷപ്പെട്ടു.

31) In the Moonlit Land എന്ന രാധികയുടെ വിവർത്തനം എത്രത്തോളം ഹൃദ്യത പുലർത്തുന്നു ? നിരീക്ഷിക്കുക.

**(6×4=24 മാർക്ക്)**

IV. **മൂന്നുപുറത്തിൽ** കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32) സർഗ്ഗാത്മക കൃതികളുടെ വിവർത്തനം നേരിടുന്ന വെല്ലുവിളികൾ എന്തെല്ലാം ?

33) മാധ്യമരംഗത്തെ വിവർത്തന സാധ്യതകളെപ്പറ്റി ചർച്ച ചെയ്യുക.

34) തകഴിയുടെ ചെമ്മീനിൽ ആവിഷ്കൃതമാകുന്ന ദേശസംസ്കൃതിയും അതിന്റെ പ്രത്യക്ഷ അടയാളമായ നാട്ടുഭാഷാപ്രയോഗങ്ങളും ശൈലികളും പരിഭാഷയിൽ നഷ്ടമാകുന്നുണ്ടോ ? അനിതാനായരുടെ വിവർത്തനത്തെ മുൻനിർത്തി നിരീക്ഷിക്കുക.

35) 'വിവർത്തനത്തിൽ നഷ്ടമാകുന്നതാണ് കവിത' എന്ന റോബർട്ട് ഫ്രോസ്റ്റിന്റെ അഭിപ്രായം നിങ്ങൾക്ക് പരിചിതമായ ഏതെങ്കിലും മലയാള കവിതാവിവർ ത്തനത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

**(2×15=30 മാർക്ക്)**

---